DESPATCHED
On. 08/06/2020

17/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP [illegible](6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.8383/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. കൈതക്കൽ ജോസ്,<br>വയലായി,<br>പുളിങ്ങോം അംശം, ദേശം,<br>പി.ഒ. ചൂണ്ട, കണ്ണൂർ - 670 511. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>സബ് കോടതി,<br>പയ്യന്നൂർ, കണ്ണൂർ.<br><br>2. അപ്പീൽ അധികാരി,<br>ജില്ലാ കോടതി, തലശ്ശേരി,<br>കണ്ണൂർ. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 5.9.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.10.2014 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 5.11.2014 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 19.2.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 13.5.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 19.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 9.6.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 24.6.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 14.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്,കണ്ണൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കൈതക്കൽ ജോസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയില്ലെന്നും മേൽപ്പടി വിവരങ്ങൾ ജുഡീഷ്യൽ നടപടി ക്രമവുമായി ബന്ധപ്പെട്ടതാണെന്നും പ്രസ്താവിച്ച് നിരസിക്കുകയാണ് ഉണ്ടായത് എന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പരാമർശിത കേസുമായി അഭേദ്യമായി ബന്ധപ്പെട്ട കാര്യങ്ങൾ അല്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, എ) എ.എസ് 31/11 ലെ അപ്പീൽ അന്യായക്കാരനാണ് ടിയാൻ എന്നും ആയതിനാൽ ഐ.എ 648/12 നമ്പർ ഹർജി കാര്യത്തിൽ അപ്പീൽ അന്യായക്കാരനോ ടിയാന്റെ അഭിഭാഷകനോ നോട്ടീസ് നൽകിയതു ശേഷമാണോ ഹർജി ബോധിപ്പിച്ചത് എന്നും ബി) മേൽപ്പടി ഹർജി കോടതിയിൽ എന്നാണ് ആദ്യമായി വിളിച്ചത് എന്നും സി) അതു സംബന്ധിച്ച വിവരങ്ങൾ കോടതിയിലെ ഡോക്കറ്റ് ഷീറ്റിലോ എ ഡയറിയിലോ കാണുമോ എന്നും മറ്റുമായി ജി വരെയുള്ള ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ജൂഡീഷ്യൽ പ്രൊസീഡിംഗ്സുമായി ബന്ധപ്പെട്ടതിനാൽ Right to Information (Subordinate Courts and Tribunals) Rules-ലെ Rule 12 പ്രകാരം നൽകാനാവില്ല എന്നാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. ആയതു പ്രകാരം ലഭിച്ച മറുപടിയിൽ ഒന്നാം എതിർകക്ഷിയുടെ വാദം അംഗീകരിച്ച് അപ്പീൽ തീർപ്പാക്കുകയാണ് ഉണ്ടായത്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ കോടതി നടപടി ക്രമങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ട യാതൊന്നും ആയിരുന്നില്ലെന്നും കേസുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് വിഷയങ്ങൾ ആയിരുന്നു ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്നും കാണുന്നു. അത്തരം വിവരങ്ങൾ കോടതിയുടെ വെബ്സൈറ്റിൽ നിലവിൽ പ്രസിദ്ധീകരിക്കുന്നതുമാണ്. ആയതിൽ നിന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ജുഡീഷ്യൽ പ്രൊസിഡിംഗ്സുമായി ബന്ധപ്പെട്ടവയല്ലെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുവാനുള്ള അർഹത ടിയാനുണ്ടെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പട്ട വിവരങ്ങൾ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

4 മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 17–ാം കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk